
# I.M.S. ആക്ട് 1992

## എന്ത്?

## എങ്ങിനെ പ്രാവർത്തികമാക്കാം?


എം. വി. മാത്യു.



ഒരു നേരെസർ–ഇന്ത്യാ പ്രസിദ്ധീകരണം
വിതരണം കൺസ്യൂമർ ന്യൂസ്
പായം–670704 ☏ 0490–491475
491008

വില 2 രൂപ

പ്രിയ ഉപഭോക്തൃ സുഹൃത്തുക്കളെ



മുലപ്പാൽ അമ്മയ്ക്ക് കുഞ്ഞിന് ഈ ലോകത്ത് നല്കുവാൻ സാധിക്കുന്ന അമൂല്യമായ വസ്തു. മുലപ്പാലിൽ മാത്രമാണ് കുഞ്ഞുങ്ങളുടെ ബുദ്ധിവികസിക്കുന്നതിനുള്ള ആതിനോ അമ്ലങ്ങളും ഉള്ളത്. നോസർ ഇന്ത്യ 1998 ഓഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 27 വരെ കേരളം മുഴുവൻ വാഹനപ്രചരണ ജാഥയുമായി 8735 കി. മി യാത്ര ചെയ്തു 1356 സ്ഥലങ്ങളിൽ എത്തി. മുലപ്പാലിന്റെ 'മാഹാത്മ്യ'ത്തെക്കുറിച്ചും I.M.S act-സംബന്ധമായ അറിവ് നല്കി ഉദ്ദേശം മൂന്നു ലക്ഷത്തോളം പേരിൽ നേരിട്ട് അറിവ് എത്തിക്കുവാൻ കഴിഞ്ഞു എന്ന് കണക്കാക്കുന്നു

മുലപ്പാൽ നല്കുന്നതുവഴി അമ്മയുടെ ആരോഗ്യം നശിക്കുന്നുവെന്നും മുലപ്പാൽ സമ്പൂർണ്ണ ആഹാരമല്ല എന്നും മുലപ്പാലിൽ വിഷങ്ങളുണ്ടെന്നും വിശ്വസിക്കുന്ന സ്ത്രീകളാണ് അധികവും. മുലക്കുപ്പിയിൽ പാൽ കൊടുക്കുന്നത് അന്തസ്സായി കാണുന്നവരും ഉണ്ട്. നൂറുശതമാനവും വിദ്യാസമ്പന്നരായ കേരളീയർ മുലപ്പാൽ നല്കാത്തത് സന്ദേഹവും, അപകർഷതാബോധം, അജ്ഞത എന്നിവമൂലമാണ്. ഇതിനൊരു മാറ്റമുണ്ടാകണം. നോസർ-ഇന്ത്യ ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് യൂണിസെഫ് എന്നീ സംഘടനകളുമായി യോജിച്ച് പ്രവർത്തന പദ്ധതികൾ നടത്തിവരികയാണ്. [illegible] രൂപീകരിച്ച I.M.S. act പ്രാവർത്തികമാക്കാനുള്ള പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. AD 2000 ആകുമ്പോഴേക്കും അമ്മമാർ കുഞ്ഞുങ്ങൾക്ക് ആറുമാസം വരെ മുലപ്പാൽ മാത്രം നല്കുന്ന തരത്തിൽ അറിവ് നല്കുന്ന പ്രവർത്തനമാണ് ഉദ്ദേശിക്കുന്നത്.

മുലക്കുപ്പിയുടെ പരസ്യം, മുലക്കുപ്പി പ്രദർശിപ്പിക്കുന്നത്, മുലക്കുപ്പി ഉപയോഗിക്കുവാൻ നിർബന്ധിക്കുന്നത് 1992 ലെ IMS act വഴി നിരോധിച്ചിരിക്കുന്നു. മൂന്നുവർഷം കഠിനതടവും അയ്യായിരം രൂപ [illegible]വും ലഭിക്കാവുന്ന കുറ്റം.

സമൂഹത്തിലെ എല്ലാവരിലും ഈ അറിവ് എത്തിക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിൽ ആദ്യമായി കണ്ണൂർ ജില്ലയിലെ പായം പഞ്ചായത്തിലെ എല്ലാ വീട്ടിലും എല്ലാവർക്കും മുലപ്പാലിന്റെ മഹത്വത്തെക്കുറിച്ചും IMS act സംബന്ധമായും അറിവ് നൽകുന്ന പ്രവർത്തനം നടക്കുകയാണ്. പായം ഗ്രാമപഞ്ചായത്ത്, യൂണിസെഫ്, മറ്റു സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെയാണ് നോസർ ഇന്ത്യ ഈ പ്രവർത്തനം നടത്തുന്നത്.

അമ്മിഞ്ഞപ്പാൽ അമൃത് മുദ്രാവാക്യം പ്രാവർത്തികമാക്കുവാൻ നോസർ ഇന്ത്യ യുവതികൾക്കും ഗർഭിണികളായ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി കൗൺസിലിംഗ് സെന്റർ എളൂരിൽ ആരംഭിച്ചിരിക്കുന്നു. നോസർ-ഇന്ത്യയുടെ അമ്മിഞ്ഞപ്പാൽ അമൃത് പ്രാവർത്തികമാക്കുവാൻ എല്ലാവരുടെയും സഹകരണം സ്നേഹ പൂർവ്വം അഭ്യർത്ഥിക്കുന്നു.

24-12-98

വിശ്വസ്തതാപൂർവ്വം

എം. വി. മാത്യു

# മുലപ്പാൽ അമൂല്യമായ സമ്പത്ത്

ഓരോ കുടുംബവും സമൂഹവും 'മുലയൂട്ടലിന്റെ' പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കേണ്ടിയിരിക്കുന്നു. മുലപ്പാൽ ലഭിക്കുന്ന കുട്ടികൾക്ക് രോഗങ്ങൾ കുറവാണ്, പോഷകാഹാരക്കുറവ് ഉണ്ടാകുന്നതുമല്ല. കുപ്പിപ്പാൽ കൊടുക്കുന്ന കുഞ്ഞുങ്ങളുടെ മരണനിരക്ക് വളരെ കൂടുതലാണ്. ഓരോ വർഷവും ലക്ഷക്കണക്കിന് കുഞ്ഞുങ്ങൾ മരിക്കുന്നു.

മുലപ്പാൽ തന്റെ കുഞ്ഞിന് ആവശ്യത്തിനുമാത്രം ഇല്ല എന്ന് പല അമ്മമാർക്കും സംശയമുണ്ട്. ഈ അമ്മമാരെ ഭർത്താവും കുടുംബാംഗങ്ങളും, ആരോഗ്യ പ്രവർത്തകരും, സുഹൃത്തുക്കളും, സ്ത്രീ സംഘടനകളും, പത്രമാസികകളും, തൊഴിലാളി സംഘടനകളും തൊഴിലുടമസ്ഥരും വേണ്ട ഉപദേശ നിർദ്ദേശങ്ങൾ നൽകി പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു.

## കുഞ്ഞുങ്ങൾക്ക് മുലപ്പാൽ നൽകേണ്ടത് എന്തുകൊണ്ട്?

1. കുട്ടികൾക്ക് ആറുമാസം വരെ നൽകാവുന്ന ഏറ്റവും നല്ല ഭക്ഷണമാണ് മുലപ്പാൽ.

2. കുഞ്ഞുണ്ടായി എത്രയും വേഗം മുലയൂട്ടൽ ആരംഭിക്കാവുന്നതാണ്.

3. കുഞ്ഞിന് ആവശ്യമുള്ള മുലപ്പാൽ ലഭിക്കാൻ തുടരെതുടരെ കുഞ്ഞിനെ മുലകുടിപ്പിക്കണം.

4. കുപ്പിപ്പാൽ നൽകുന്നതുവഴി അതിമാരകമായ രോഗങ്ങൾ പിടിപെടാനും, മരണം സംഭവിക്കാനും സാധ്യതയുണ്ട്.

5. മുലപ്പാൽ കുഞ്ഞിന് രണ്ട് വർഷമോ, എത്ര കഴിയുമോ അത്രയും കാലം നല്കേണ്ടതാണ്.

## മുലയൂട്ടൽ - ചില വിവരങ്ങൾ

★ കുഞ്ഞ് ജനിച്ച സമയം മുതൽ ആറുമാസം വരെ മുലപ്പാൽ കുഞ്ഞിന് ആവശ്യമുള്ള പോഷകങ്ങൾ നൽകും. പശുവിൻ പാലും, പാൽപ്പൊടിയും-എല്ലാം ഈ പോഷകങ്ങൾ ഇല്ലാത്തവയാണ്.

★ ചൂടുകാലത്തും, വരൾച്ചകാലത്തും കുഞ്ഞിന് ആവശ്യമുള്ള ജലാംശം മുലപ്പാലിലുണ്ട്. കുഞ്ഞിന് ദാഹശമനത്തിന് മറ്റൊന്നും ആവശ്യമില്ല.

★ **വയറിളക്കം, ചുമ, പനി മുതലായ രോഗങ്ങളിൽ** നിന്ന് കുഞ്ഞിന് മോചനം ലഭിക്കുന്ന മുലപ്പാൽ നൽകുന്നതുവഴി മുലപ്പാൽ മാത്രം ആറുമാസം വരെ നൽകുന്ന കുട്ടികൾക്ക് ഈ അസുഖങ്ങളിൽ നിന്ന് സംരക്ഷ ലഭിക്കുന്നു.

★ രണ്ടു വർഷമോ കൂടുതലോ കുഞ്ഞുങ്ങൾക്ക് മുലപ്പാൽ നൽകാം. കൂടെക്കൂടെയുള്ള രാത്രിയും പകലും മുലയൂട്ടൽ വഴി മാസമുറ താമസിക്കുന്നതിനും അതുവഴി ഗർഭധാരണം താമസിക്കുകയും ചെയ്യും. എന്നാൽ മുലയൂട്ടൽ കൊണ്ട് അത്ര സുരക്ഷിതമായ ഫാമിലി പ്ലാനിംഗ് നടക്കുന്നതല്ല.

★ പ്രസവിച്ച് ഒരു മണിക്കൂറിനകം മുലയൂട്ടൽ ആരംഭിക്കാം. ഏറ്റവും വേഗം മുലയൂട്ടൽ ആരംഭിക്കുന്നതു വഴി മുലപ്പാൽ ഉണ്ടാകും.

★ കുഞ്ഞിന് മുലപ്പാൽ ആവശ്യാനുസരണം നൽകുന്നതുവഴി മുലപ്പാൽ ഉണ്ടാകുന്നു. കുഞ്ഞ് കരയുന്നത് മുലപ്പാൽ കുടിക്കുവാനായിരിക്കും.

★ കുഞ്ഞ് അടുപ്പിച്ച് മുലപ്പാൽ കുടിക്കുന്നത് മുലയ്ക്ക് നീര് ഉണ്ടാകാതിരിക്കുവാനും, മുലപ്പാൽ തനിയെ പോകാതിരിക്കാനും സഹായിക്കും.

★ കുഞ്ഞിന് മറ്റ് ആഹാരങ്ങൾ നൽകുമ്പോൾ മുല കുടിക്കുന്നത് കുറയുകയും മുലപ്പാൽ ഉല്പാദനം കുറയുകയും ചെയ്യും. ആയതിനാൽ മുലപ്പാലാണ് കുഞ്ഞിന് നൽകേണ്ടതെന്ന ധാരണ എപ്പോഴും അമ്മമാർക്ക് ഉണ്ടാകണം.



★ കുപ്പിയിൽ പാൽ നൽകുമ്പോൾ കുഞ്ഞ് കുടിക്കുന്നത് വ്യത്യസ്ത രീതിയിലാണ്. ഇതുവഴി മുലപ്പാൽ കുടിക്കുവാൻ കുഞ്ഞിന് താൽപ്പര്യം കുറയും. കുപ്പിപ്പാൽ കുടിക്കുന്നത് എളുപ്പമായതിനാൽ കുഞ്ഞ് മുലകുടിക്കുന്നത് ഒഴിവാക്കുകയും മുലകുടിക്കുവാൻ നിസ്സഹകരിക്കുകയും-കുടിക്കാതാകുകയും ചെയ്യും.

★ പശുവിൻപാൽ എരുമപ്പാൽ, പാൽപ്പൊടിമിശ്രിതങ്ങൾ, കുഞ്ഞുങ്ങൾക്കുള്ള ബേബിഫുഡുകൾ-കുപ്പികളിൽ നൽകുന്ന ഒന്നും കുഞ്ഞുങ്ങൾക്ക്, വയറിളക്കം, ചുമ, പനിമുതലായ രോഗങ്ങളിൽ നിന്ന് യാതൊരു സംരക്ഷയും നൽകുന്നതല്ല.

★ കുപ്പിയിൽ ഭക്ഷണം നൽകുന്നതു വഴി വയറിളക്കം നിത്യസംഭവമായി മാറാം. അസുഖം ഉണ്ടാകാതിരിക്കണമെങ്കിൽ വെള്ളം തിളപ്പിക്കുകയും-ഓരോ പ്രാവശ്യവും കുപ്പിയും, നിപ്പിളും ഓരോ പ്രാവശ്യം ഭക്ഷണം കൊടുക്കുന്നതിന് മുമ്പും 'സ്റ്റെറിലൈസ്' ചെയ്യേണ്ടിയിരിക്കുന്നു. ഓരോ പ്രാവശ്യം അസുഖം ഉണ്ടാകുമ്പോഴും കുഞ്ഞിന് ക്ഷീണം സംഭവിക്കുന്നു. ഇതുകൊണ്ടാണ് മുലപ്പാൽ നൽകുന്ന കുഞ്ഞിന് ഉണ്ടാകാവുന്ന രോഗസാദ്ധ്യതയെക്കാളും ഇരുപത്തിയഞ്ച് ഇരട്ടി കൂടുതലാണ് കുപ്പിപ്പാൽ നൽകുന്ന കുട്ടികൾക്ക് ഉണ്ടാകുക.

★ ഒരു കുഞ്ഞിന് മുലകുടിക്കുവാൻ എന്തെങ്കിലും കാരണത്താൽ സാധിക്കുന്നില്ലെങ്കിൽ മുലപ്പാൽ പിഴിഞ്ഞെടുത്ത് 'സ്റ്റെറിലൈസ്' ചെയ്ത കപ്പിലോ, ഗ്ലാസിലോ സ്പൂൺ കൊണ്ട് കോരിക്കൊടുക്കാം-എല്ലാം സ്റ്റെറിലൈസ് ചെയ്തിരിക്കണം. കപ്പും, ഗ്ലാസും, സ്പൂണും ആണ് കുപ്പിയും നിപ്പിളിനെക്കാളും സൗകര്യപ്രദമായി വൃത്തിയാക്കാനും 'സ്റ്റെറിലൈസ്' ചെയ്യാനും സാധിക്കുക.

★ **ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ, മുലയിൽ ആദ്യമായി ലഭിക്കുന്ന മഞ്ഞ നിറത്തിലുള്ള ദ്രാവകം കുഞ്ഞിന് നൽകാതിരിക്കുന്നു.** ഇതിന് 'കൊളസ്ട്രം' (Colostrum) എന്നു പറയുന്നു. കൊളസ്ട്രം കുഞ്ഞിന് രോഗപ്രതിരോധ ശക്തിയും എല്ലാവിധ രോഗങ്ങളെ പ്രതിരോധിക്കാനുള്ള ശക്തിയും നൽകുന്നു. 'കൊളസ്ട്രം' കുടിക്കുവാൻ അല്പം സമയമെടുക്കും, അതിനിടയിൽ മറ്റു ഭക്ഷണങ്ങൾ നല്കേണ്ടതില്ല.

★ ആദ്യം പ്രസവിച്ച് മുലയൂട്ടുന്ന സ്ത്രീക്ക് പല സംശയങ്ങളും ഉണ്ടാകും. കുഞ്ഞിനെ മുലയൂട്ടിയ മറ്റു സ്ത്രീകൾ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകും.

★ എല്ലാ അമ്മമാർക്കും കുഞ്ഞിന് നൽകുവാൻ ആവശ്യത്തിന് മുലപ്പാലുണ്ടാകും. പക്ഷെ കുഞ്ഞിന് മുലകുടിക്കുവാൻ സൗകര്യപ്രദമായ രീതിയിൽ കുഞ്ഞിനെ കുടിപ്പിക്കണം. രാത്രിയും പകലും കുഞ്ഞിന് മുലപ്പാൽ നൽകണം.

★ മുല കുടിക്കുവാൻ കുഞ്ഞിനെ സൗകര്യപ്രദമായ രീതിയിൽ പിടിക്കുകയോ കിടത്തുകയോ ചെയ്യണം. ഇല്ലെങ്കിൽ ആവശ്യത്തിന് പാൽ കുഞ്ഞിന് കിട്ടാതിരിക്കുകയോ കുടിക്കുവാൻ മടിക്കുകയോ, മുലഞെട്ടിൽ പൊട്ടലുണ്ടാകുവാനും സാദ്ധ്യതയുണ്ട്.

★ അമ്മയ്ക്ക് മുലഞെട്ടിന് വേദനയില്ലാതിരിക്കുകയും കുഞ്ഞ് അമ്മയുടെ നേരെ തിരിഞ്ഞിരിക്കുകയും മുലപ്പാൽ നന്നായി കുടിക്കുകയും ചെയ്യുന്നുവെങ്കിൽ മുലയൂട്ടൽ ശരിയായ വിധത്തിലാണെന്ന് മനസ്സിലാക്കാം.

★ കുഞ്ഞ് കരയുന്നത് വിശന്നിട്ട് മാത്രമായിരിക്കില്ല. ആയതിനാൽ കുഞ്ഞിന് ആറുമാസം വരെ മറ്റു ഭക്ഷണങ്ങൾ നൽകേണ്ട ആവശ്യവുമില്ല. എപ്പോൾ ആവശ്യപ്പെടുന്നോ അപ്പോഴെല്ലാം മുലയൂട്ടാൻ ശ്രദ്ധിക്കുക.

★ ജോലിക്ക് പോകുന്ന അമ്മമാർക്ക് ആറുമാസം വരെ അവധി അനുവദിക്കുക. കമ്പനികളിലും സ്ഥാപനങ്ങളിലും ക്രഷസ് (CRECHES) സ്ഥാപിച്ച് കുഞ്ഞുങ്ങൾക്ക് മുലപ്പാൽ നൽകുവാൻ അവസരം നൽകുക.

★ അമ്മയുടെ മുലപ്പാൽ ലഭിക്കാത്ത സാഹചര്യത്തിൽ മറ്റൊരമ്മയുടെ മുലപ്പാലാണ് കുഞ്ഞിന് ഏറ്റവും ഉപകാരപ്രദം

★ മൃഗങ്ങളുടെ പാൽ നൽകുമ്പോൾ കുപ്പിയിൽ നൽകുന്നതിനു പകരം 'സ്റ്റെറിലൈസ്' ചെയ്ത കപ്പിലും സ്പൂൺ കൊണ്ടും നൽകുക. പാൽപ്പൊടി ഉപയോഗിക്കുമ്പോൾ തിളപ്പിച്ചാറിയ വെള്ളം മാത്രം ഉപയോഗിക്കുക.

★ പാലിൽ വെള്ളം ചേർക്കുമ്പോൾ കുഞ്ഞിന് ആവശ്യമായ



പോഷകാഹാരം ലഭിക്കുകയില്ല.

★ സാമ്പത്തികം കുറഞ്ഞ കുടുംബങ്ങളിൽ പാൽ, മുലക്കുപ്പി, നിപ്പിൾ, തിളപ്പിച്ച വെള്ളം തിളപ്പിക്കാനുള്ള ചിലവ് കുടുംബവരുമാനത്തിന്റെ സിംഹഭാഗവും കയ്യടക്കും. മുലപ്പാൽ നൽകുന്നതുവഴി ഈ ചിലവുകളെല്ലാം കുറക്കുവാൻ സാധിക്കും.

★ കുഞ്ഞിന് മുലപ്പാൽ കഴിയുന്നത്ര പ്രായം വരെ നൽകുക. കുഞ്ഞിന് ഏറ്റവും എളുപ്പം ദഹിക്കുന്ന ആഹാര പദാർത്ഥമാണിത്.

★ **മുലപ്പാലിലാണ് ബുദ്ധിവളർച്ചയ്ക്ക് കാരണമായ ടോറിൻ, സിസ്റ്റിൻ അമിനോ അമ്ലങ്ങൾ ഉള്ളത്** ലോകത്തിൽ മറ്റൊരു പദാർത്ഥത്തിൽ നിന്നും ഇത് ലഭിക്കില്ല.

★ മുലപ്പാൽ നൽകുന്നതുവഴി സ്തനാർബുദം അമ്മയ്ക്ക് ഉണ്ടാകാതിരിക്കാം.

★ മുലപ്പാൽ നല്കുന്നതുവഴി ഗർഭാശയ രോഗങ്ങൾ അമ്മയ്ക്ക് കുറയുന്നു.

★ മുലപ്പാൽ നൽകുന്നതു വഴി അമ്മയും കുഞ്ഞും തമ്മിൽ അഭേദ്യമായ ഒരു സ്നേഹബന്ധം ഉണ്ടാകുന്നു. ഈ സ്നേഹബന്ധം മൂലം അമ്മയ്ക്ക് ആരിൽ നിന്നും ലഭിക്കാത്ത മാനസികാഹ്ലാദം ലഭിക്കുന്നു.

★ കുഞ്ഞിന് ഏറ്റവും ആവശ്യമായ പ്രോട്ടീനുകൾ, കൊഴുപ്പ് ആവശ്യത്തിന് ആവശ്യമായവിധം മുലപ്പാലിൽ നിന്ന് ലഭിക്കുന്നു.

★ ഒരു മനുഷ്യ ശിശുവിന് വേണ്ട ലാക്ടോസ് [Milk Sugar] ലഭിക്കുന്നു.

★ കുഞ്ഞിന് വിറ്റാമിൻ ഡി ആവശ്യത്തിന് ലഭിക്കുന്നു. ചൊറി, കരപ്പൻ മുതലായ രോഗങ്ങൾ ഉണ്ടാകുന്നില്ല. വിറ്റാമിൻ A, C, E, എന്നിവ ലഭിക്കുന്നു. മുലയൂട്ടുന്ന കുഞ്ഞിന് വിറ്റാമിനുകളോ പഴച്ചാറുകളോ ആവശ്യമില്ല.

★ ഇരുമ്പ് സത്ത് ആവശ്യത്തിന് ലഭിക്കുന്നു.

★ കുഞ്ഞിന് മററ് വെള്ളം നൽകേണ്ടതില്ല.

★ കുഞ്ഞിന് ആവശ്യമുള്ള ഉപ്പ്. കാൽസ്യം, ഫോസ്ഫോറ്, ലഭിക്കുന്നു.

★ മുലപ്പാൽ ഏററവും വേഗം ദഹിക്കുന്നു.

Infant Milk Substitutes: FEEDING BOTTILS and INFANT FOODS (Regulations of Productions. Supply and Distribution Act 1992)

## ഈ നിയമം എന്താണ്?

കുഞ്ഞുങ്ങൾക്ക് മുലപ്പാൽ നൽകുക എന്നത് ലോകാരംഭം മുതൽ ഉണ്ടായതും കുഞ്ഞും അമ്മയും തമ്മിലുള്ള അഭേദ്യമായ സ്നേഹബന്ധം ഉറപ്പിക്കുന്നതുമാണ്. മുലയൂട്ടുന്നതുവഴി ഇവ ങ്ങൾ തമ്മിൽ അകലങ്ങൾ ഉണ്ടാകുകയും അതുവഴി അമ്മയുടെ ആരോഗ്യം സംരക്ഷിക്കപ്പെടുകയും ചെയ്യും, സമ്പത്തികമായി ലാഭം കുടുംബത്തിനും രാജ്യത്തിനും ഉണ്ടാകുന്നു. ഈ ആക്ട് വഴി ഗർഭിണിയായ സ്ത്രീക്കും, പ്രസവിച്ച സ്ത്രീക്കും മുലയൂട്ടുവാനുള്ള അവകാശം നഷ്ടപ്പെടുത്താതിരിക്കുവാനും സാധിക്കും.

വളരെ വർഷങ്ങളായി കമ്പനികൾ ബുദ്ധിപൂർവ്വകമായ മുദ്രവാക്യത്തിലൂടെയും, കുഞ്ഞുങ്ങളുടെ അത്യാകർഷകമായ ഫോട്ടോകൾ, സാമ്പിളുകൾ, ആകർഷകമായ സമ്മാനങ്ങൾ വഴി ആരോഗ്യപ്രവർത്തകരെയും അമ്മമാരെയും കുപ്പിപ്പാലാണ് നല്ലതെന്ന് പ്രചരിപ്പിച്ചു വരികയാണ്. ഇന്ന് ലോകം മുഴുവനും കുപ്പിപ്പാലിന്റെ ദോഷവശങ്ങളെക്കുറിച്ചും മുലപ്പാലിന്റെ ഗുണങ്ങളെക്കുറിച്ചും കമ്പനികൾ കുഞ്ഞുങ്ങളുടെ ഭക്ഷണ ക്രമത്തിലൂടെ നമ്മുടെ സമൂഹത്തെ നശിപ്പിച്ചതിനെക്കുറിച്ചും ബോധവാൻമാരായി കൊണ്ടിരിക്കുന്നു.



മുലക്കുപ്പിയുടെയും, ബേബിഫുഡുകളുടെയും അതിപ്രസരം ലോകമെങ്ങും വിപത്തുകൾ സൃഷ്ടിച്ചു. ഇതുമൂലം മുലയൂട്ടലിന്റെ ആവശ്യകതയെക്കുറിച്ച് പഠനങ്ങളും വിവരങ്ങളും നൽകേണ്ടത് അത്യാവശ്യമായിത്തീർന്നു. കുഞ്ഞുകുട്ടികൾ പോഷകാഹാരക്കുറവുമൂലവും, ഇൻഫെക്ഷൻ മൂലവും മരിക്കുവാനും, രോഗങ്ങൾക്കടിമയാകാനും തുടങ്ങി.

ഇതുമൂലം മുലക്കുപ്പിയും, ബേബിഫുഡുകളുടെ നിർമ്മാണവും വിതരണവും നിയന്ത്രിക്കേണ്ടത് അത്യാവശ്യമായിത്തീർന്നു.

1981 മെയ് മാസം ലോകാരോഗ്യ അസംബ്ലി മുലയൂട്ടലിനു പകരമുള്ള വസ്തുക്കളുടെ നിർമ്മാണം വിപണനം വിതരണം സംബന്ധിച്ച് ഒരു രേഖ തയ്യാറാക്കി, ഇൻഡ്യാ ഗവൺമെന്റ് ഈ രേഖ സ്വീകരിക്കുകയും മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുവാൻ 1983 ഡിസംബറിൽ രേഖ തയ്യാറാക്കുകയും ചെയ്തു. The Infant milk substitution ആക്ട് ആഗസ്റ്റ് 1993 മുതൽ നിയമമായി. (Central act 41 of 1992)

**എല്ലാവർഷവും ആഗസ്റ്റ് 1 മുതൽ 7 വരെ 'മുലയൂട്ടൽ വാരമായി ആചരിക്കുന്നു. ഈ വർഷത്തെ മുദ്രാവാക്യം' മുലയൂട്ടൽ ഏററവും നല്ല നിക്ഷേപമാണ് എന്നതാണ്. [Breast feeding is the best investment]**

### ഈ വാരാഘോഷം കൊണ്ടെന്താണ് ഉദ്ദേശിക്കുന്നത്?

1. ഈ നിയമത്തെ കുറിച്ച് ഉദ്ദേശ ലക്ഷ്യങ്ങളെ കുറിച്ച് എല്ലാവരെയും അറിയിക്കുക.

2. ഈ നിയമം പ്രാവർത്തികമാക്കുവാൻ സന്നദ്ധ സംഘടനകളെയും ജോലിക്കാരെയും ശക്തരാക്കുകയും തയ്യാറാക്കുകയും ചെയ്യുക.

### നമുക്ക് എന്ത് ചെയ്യാനാകും?

★ നിങ്ങളുടെ പ്രദേശത്തുള്ള ആശുപത്രികളിലും, ക്ലിനിക്കുകളിലും മുലക്കുപ്പിയുടെ ഉപയോഗം നിർദ്ദേശിക്കുന്നുണ്ടോ എന്ന് അറിയുക.

★ നിങ്ങളുടെ നാട്ടിലെ ആരോഗ്യ സംരക്ഷണ ഉദ്യോഗസ്ഥർക്ക് ഈ നിയമത്തെ കുറിച്ച് അറിയാമോ എന്ന് പരിശോധിക്കുക.

★ നിയമത്തെക്കുറിച്ച് പഠിക്കുകയും ലഘുലേഖകൾ തയ്യാറാക്കി വിതരണവും ചെയ്യുക.

★ നിയമം ലംഘിക്കുന്നതു കണ്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ വിവരം അറിയിക്കുക. കൂടാതെ ഇതുമായി ബന്ധപ്പെട്ട സന്നദ്ധ സംഘടനകളെയും അറിയിക്കുക.

★ രാജ്യത്തെ കുട്ടികളുടെ ഡോക്ടർമാരെയും നേഴ്സുമാരെയും മറ്റ് ഡോക്ടർമാരെയും കണ്ട് നിയമത്തിൽ അവരുടെ സ്ഥാനം അറിയിക്കുക.

## നിർവ്വചനം

a] **പരസ്യം:-** നിയമം പരസ്യത്തെ നിരോധിക്കുന്നു. നോട്ടീസ്, സർക്കുലർ പൊതിയുന്ന പേപ്പർ എന്നു തരത്തിലുള്ള രേഖാമൂലമായ എഴുത്തും, കൂടാതെ ഉച്ചഭാഷിണിയിലൂടെയുള്ള പരസ്യങ്ങളും, കാഴ്ചയിൽ വരാവുന്ന വിധത്തിലുള്ള പരസ്യം-ശബ്ദം, വെളിച്ചം, പുക അല്ലെങ്കിൽ ഗ്യാസ് എന്നിവ മൂലമുള്ള പരസ്യവും നിരോധിച്ചിരിക്കുന്നു. ഈ നിർദ്ദേശങ്ങൾ വളരെ പ്രയോജനകരമാണ്, കാരണം നിയമം പരസ്യങ്ങളെ നിരോധിക്കുന്നു.

b] 'കണ്ടെയ്നർ' എന്നാൽ പെട്ടി, കുപ്പി, ടിൻ, സഞ്ചി, ക്യാൻ ബോതൽ, കെയ്സ്, റ്റ്യൂബ്, ചാക്ക് പൊതിയാനുള്ള കവർ എന്നിവയിൽ പാക്കു ചെയ്യുന്ന മുലക്കുപ്പി, കുഞ്ഞുങ്ങളുടെ പാൽപ്പൊടി, കുഞ്ഞുങ്ങളുടെ പാൽ എന്നിവ വിൽപ്പനയ്ക്കോ-വിതരണത്തിനോ പാക്കുചെയ്യുമ്പോൾ ആക്ട് ചില കാര്യങ്ങൾ ഈ പായ്ക്കറ്റുകൾക്ക് ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു.

c] **ആരോഗ്യ പ്രവർത്തന സംവിധാനം**

ഒരു സ്ഥാപനമോ സംഘടനയോ; നിയമിക്കുന്ന നേരിട്ടോ അല്ലാതെയോ പ്രവർത്തിക്കുന്ന ഗർഭിണികളായ സ്ത്രീകളെയോ



അമ്മമാരെയോ, കുഞ്ഞുങ്ങളെയോ സ്വകാര്യമായി ചികിത്സിക്കുന്നവർ, [ഇങ്ങനെ പ്രവർത്തിക്കുന്നവർക്ക് സമ്മാനം നല്കുന്നതിൽ കർശന നിഷ്കർഷ ആക്ടിൽ നൽകിയിരിക്കുന്നു.]

d] 'ഹെൽത്ത് വർക്കർ' എന്നാൽ സ്ത്രീകളുടെയോ, കുഞ്ഞുങ്ങളുടെയോ, ഗർഭിണികളായ സ്ത്രീകളുടെയോ ആരോഗ്യ കാര്യങ്ങളിൽ പ്രവർത്തിക്കുന്നവർ.

e] 'Infant food' എന്നാൽ ഏതു പേരിൽ വിളിക്കുന്ന പദാർത്ഥമായാലും നാലുമാസത്തിനുശേഷം കുഞ്ഞുങ്ങളുടെ വളർച്ചക്ക് ആവശ്യമായ പോഷകാഹാര ഭക്ഷണം (ഇത് ആക്ടിന് മുമ്പ് മുലപ്പാലിന് പകരമായിരുന്നു.)

f] ലേബലുകൾ ഉണ്ടാക്കുന്നതും എഴുതുന്നതും പ്രദർശിപ്പിക്കുന്നതിനും ഏതെന്തു പായ്ക്കിംഗിനും ആക്ടിൽ പലതരത്തിലുള്ള നിർദ്ദേശങ്ങൾ നല്കിയിരിക്കുന്നു.

## I. M S ആക്ട് എന്തിനൊക്കെ വിലക്ക് കല്പ്പിക്കുന്നു?

★ പൊതു പരസ്യം

★ അമ്മമാർക്ക് സൗജന്യ സാമ്പിൾ വിതരണം.

★ ആശുപത്രികളിൽ കൂടിയുള്ള പ്രചാരണം.

★ ആരോഗ്യ പ്രവർത്തകർക്ക് സാമ്പിളോ സമ്മാനമോ നൽകുന്നത്.

★ ആർക്കെങ്കിലും സാമ്പത്തിക ആനുകൂല്യം നൽകുന്നത്.

★ ജോലിക്കാർക്ക് വിൽപ്പനക്ക് കമ്മീഷൻ നൽകുന്നത്.

★ ആരോഗ്യപ്രവർത്തകർക്ക് ഏതുവിധത്തിൽ പണം നൽകുന്നതും.

## ആക്ടിലെ പ്രധാന നിർദ്ദേശങ്ങൾ

★ ആരും ഒരു തരത്തിലുള്ള കുഞ്ഞുങ്ങൾക്ക് മുലപ്പാലിനു പക

രം നൽകാവുന്ന വസ്തുക്കളെക്കുറിച്ചും (IMS) മുലക്കുപ്പിയും (FB) പരസ്യം ചെയ്യാൻ പാടില്ല.

★ കുഞ്ഞുങ്ങൾക്ക് മുലപ്പാലിനുപകരം നൽകാവുന്ന വസ്തു എന്നോ, കുഞ്ഞുങ്ങളുടെ ഭക്ഷണമെന്നോ പറഞ്ഞോ, മുലക്കുപ്പിയോ ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കുന്നത് പാടില്ല.

★ ആരും സൗജന്യ സാമ്പിളോ സമ്മാനങ്ങളോ കുഞ്ഞുങ്ങൾക്ക് നൽകാവുന്ന വസ്തുക്കളോ മുലക്കുപ്പിയോ, പാത്രങ്ങളോ നൽകുവാൻ പാടില്ല.

★ മുലക്കുപ്പിയുടെയോ കുഞ്ഞുങ്ങളുടെ ഭക്ഷണസാധനങ്ങളുടെയോ വിതരണത്തിനോ വിൽപ്പനയ്ക്കോ യാതൊരു തരത്തിലുള്ള പ്രോൽസാഹനവും നൽകുവാൻ പാടില്ല.

★ അനാഥാലയങ്ങൾക്കൊഴികെ ആർക്കും മുലക്കുപ്പിയോ കുഞ്ഞുങ്ങളുടെ ഭക്ഷണ സാധനങ്ങളോ ദാനം ചെയ്യാൻ പാടില്ല.

## ലേബലുകൾ

★ ആക്ടിൽ പറയുന്ന നിർദ്ദേശങ്ങൾ ഒട്ടിച്ച ലേബലുകൾ മാത്രമേ ബേബിഫുഡിന്റെയും,മുലക്കുപ്പിയുടെയും പുറങ്ങളിൽ ഉപയോഗിക്കാവൂ.

★ ശിശുവിന്റെയോ, അമ്മയും ശിശുവും ഒന്നിച്ചുള്ളതോ അമ്മയുടെ മാത്രമോ ആയ ചിത്രങ്ങൾ ടിന്നിലോ-ലേബലിലോ ഉപയോഗിക്കുവാൻ പാടില്ല.

★ 'Humanised' cr 'Maternalised' എന്നിവ പോലുള്ള വാക്കുകൾ ലേബലിലോ, ടിന്നിലോ പരസ്യങ്ങളിലോ ചേർക്കുവാൻ പാടില്ല.

★ ഡോക്ടർമാർ നിർദ്ദേശിച്ചു അല്ലെങ്കിൽ അംഗീകരിച്ചു എന്ന വാക്ക് ഉപയോഗിക്കുവാൻ പാടില്ല.

★ മുഴുവനും പ്രോട്ടീനുകൾ (Full protien)സമ്പൂർണ്ണ ഭക്ഷണം (Complete Food) ഊർജ്ജദായക ഭക്ഷണം (Energy Food) എന്നീ വാക്കുകൾ ശിശുക്കളുടെ ഭക്ഷണ പായ്ക്കറ്റിലെ



ലേബലിൽ എഴുതാൻ പാടില്ല.

★ ശിശു ആഹാരങ്ങളുടെ, മുലക്കുപ്പികളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനുവേണ്ടി പഠനക്ലാസുകൾ സെമിനാറുകൾ നടത്തുവാൻ പാടില്ല

★ ആശുപത്രികളിൽ ശിശു ആഹാരത്തിന്റെയോ, മുലക്കുപ്പികളുടെയോ, മുലപ്പാലിന് പകരമുള്ള ആഹാരത്തിന്റെയോ എന്ന് പറഞ്ഞ് നോട്ടീസുകളോ, പ്ലേകാർഡ്സ് പതിക്കുവാൻ പാടില്ല.

★ നിയമപ്രകാരമുള്ള ഏറ്റവും ചുരുങ്ങിയ വിവരങ്ങൾ ശിശു ആഹാര സംബന്ധമായും, മുലക്കുപ്പി സംബന്ധമായും ഡോക്ടർമാർക്ക് നൽകാം.

★ ആരോഗ്യ പ്രവർത്തനവുമായി ബന്ധപ്പെട്ട ആർക്കും യാതൊരു തരത്തിലുള്ള സാമ്പത്തിക സഹായവും ശിശുആഹാര മുലക്കുപ്പി, ബേബിഫുഡ് നിർമ്മാതാക്കളോ വിതരണക്കാരോ, വ്യാപാരികളോ നൽകുവാൻ പാടില്ല.

★ നേരിട്ടോ അല്ലാതെയുള്ള സാമ്പത്തിക സഹായമോ, സമ്മാനമോ ആരോഗ്യ പ്രവർത്തകർക്ക് നൽകുവാൻ പാടില്ല.

★ കമ്പനിയിലെ ജീവനക്കാർക്ക് വിൽപ്പനയുടെ തോതനുസരിച്ചുള്ള കമ്മീഷൻ ശിശു ആഹാര മുലക്കുപ്പി, ബേബിഫുഡ്-ഉൽപ്പാദകർ,വിതരണക്കാർ, വ്യാപാരികൾ നൽകുവാൻ പാടില്ല.

## ശിക്ഷ

ആക്ടിലെ വകുപ്പുകൾ ലംഘിക്കുന്നവർക്ക് മൂന്ന് വർഷം വരെ തടവും 5000 രൂപ പിഴയും രണ്ടും കൂടിയോ ലഭിക്കാവുന്നതാണ്.

## നിങ്ങൾക്ക് എന്ത് ചെയ്യാനാവും?

ആക്ടിലെ വകുപ്പുകൾ ലംഘിക്കുന്ന തരത്തിൽ ശിശുആഹാരമോ, ബേബിഫുഡോ, മുലക്കുപ്പിയോ, പ്രദർശിപ്പിച്ചതായോ

ലേബലുകളിൽ കൂടുതലായി എന്തെങ്കിലും ചേർത്തതായോ എന്തെങ്കിലും തരത്തിൽ ഈ സാധനങ്ങൾ വില്ക്കുവാൻ പ്രോത്സാഹിപ്പിക്കുന്നതായോ കണ്ടാൽ നിങ്ങൾക്ക് വിവരം ഉത്തരവാദിത്തപ്പെട്ടവരെ അറിയിക്കാം.

ആരോഗ്യ പ്രവർത്തകരെ സ്വാധീനിച്ച് അവരെക്കൊണ്ട് സാധനങ്ങൾ വാങ്ങിപ്പിക്കുവാൻ കമ്പനികൾ ശ്രമിക്കും. ഇതിനെതിരെ ജാഗരൂകരാകേണ്ടിയിരിക്കുന്നു.

ശിശു ആഹാരപായ്ക്കറ്റുകളുടെ ലേബലുകൾ സെക്ഷൻ-6 അനുസരിച്ചാണോ എന്ന് പരിശോധിക്കുക.

## എന്താണ് നിയമലംഘനം

നിയമത്തിലെ സെക്-(3) പരസ്യം-(4) ആനുകൂല്യം-(5) സാമ്പിൾ-സെക്-(6) ലേബലുകൾ-സെക്-7, 8/9, പഠനസാമഗ്രികൾ, ആരോഗ്യ പ്രവർത്തന ശൃംഖല. സെക്-10 ജോലിക്കാരെ സംബന്ധിച്ച് സെക്-11-ഗുണമേന്മ,

## ആരെയാണ് അറിയിക്കേണ്ടത്

ആക്ടിന്റെ ലംഘനങ്ങൾ വിശദമായി വേണ്ടത്ര തെളിവുകളോടെ-ഫോട്ടോകൾ അടക്കം B P. N. I ഡൽഹി ACASH മുഖേന അറിയിക്കുക.

## ആർക്കാണ് കോടതിയിൽ പരാതി നല്കാവുന്നത്?

Section 21 [1] C പ്രകാരം ഇന്ത്യയിലെ ഏത് കോടതിയിലും പരാതി നല്കുവാൻ ഗസറ്റഡ് സംഘടനകളെ അധികാരപ്പെടുത്തിയിരിക്കുന്നു.

ഈ വിഷയ സംബന്ധമായി നിങ്ങളുടെ സംശയങ്ങൾ—നിർദ്ദേശങ്ങൾ— **നോസർ— ഇന്ത്യ, പായം- 670704— ഫോൺ 0490-491475** അറിയിക്കുമല്ലോ.

Printed at Sammanam Printers. Edoor

# മനുഷ്യാവകാശ ജാഗ്രതാ കേന്ദ്രങ്ങൾ

1. എല്ലാവീട്ടിലും ഒരു ഭരണഘടന.
2. മുലപ്പാലിന്റെ മഹത്വത്തെക്കുറിച്ച് അറിവ് നൽകുക.
3. സിവിൽ-ക്രിമിനൽ നിയമങ്ങൾ
4. പൊതുതാൽപ്പര്യ വ്യവഹാരം
5. അറസ്റ്റ് ചെയ്യപ്പെടുന്നവരുടെ അവകാശങ്ങൾ
6. ഉപഭോക്തൃ സംരക്ഷണ നിയമം
7. പരാതികൾ രമ്യമായി പരിഹരിക്കുന്ന പ്രവർത്തനങ്ങൾ
8. മനുഷ്യാവകാശം സംരക്ഷിക്കുവാൻ കൂട്ടായ പ്രവർത്തനം.
9. നിയമ വിദ്യാഭ്യാസം

ഈ പ്രവർത്തനങ്ങൾ നിങ്ങളുടെ നാട്ടിൽ അഞ്ചോ പത്തോ വീടുകളിൽ യോജിച്ച് നടത്തുവാൻ നിങ്ങൾക്ക് സാധിക്കുമോ? നിങ്ങളുടെ നാട്ടിലും ഒരു മനുഷ്യാവകാശ ജാഗ്രതാകേന്ദ്രം പ്രവർത്തനം ആരംഭിക്കാം. കക്ഷിയോ, ജാതിയോ, രാഷ്ട്രീയമോ, മതമോ ഇല്ലാതെ കൂട്ടായി നമ്മുടെ നന്മക്ക് നമുക്ക് ഒരുമിച്ച് അണിചേരാം

താൽപ്പര്യമുള്ള സ്ത്രീ പുരുഷന്മാർ, യുവതീയുവാക്കൾ എഴുതുമല്ലോ

പ്രസിഡന്റ് നോസർ-ഇന്ത്യ പായം 670704


**ഇന്ത്യൻ ഭരണഘടന സാധാരണ ജനങ്ങൾക്ക്**

മലയാളത്തിൽ ചോദ്യോത്തര രൂപത്തിൽ

ഒന്നാം പതിപ്പ് മുഴുവൻ വിററു തീർന്നു.

രണ്ടാം പതിപ്പ് വില- 100 രൂപ. പ്രീപബ്ലിക്കേഷൻ 80 രൂപ


Copies: 6000 on 24-12-98

## കൺസ്യൂമർ ന്യൂസ് പ്രസിദ്ധീകരണങ്ങൾ

1. ഉപഭോക്തൃസംരക്ഷണ നിയമം സാധാരണക്കാരന്റെ നിയമം വില 3 രൂപ
2. വനിതകളും ഉപഭോക്തൃ സംരക്ഷണനിയമവും വില 2 രൂപ
3. ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി സമർപ്പിക്കുന്നതെങ്ങനെ? വില 5 രൂപ
4. പോലീസും ജനങ്ങളും വില 5 രൂപ
5. അളവുകളും തൂക്കങ്ങളും ഒരു വിശദീകരണം വില 2 രൂപ
6. മായം ചേർക്കൽ കണ്ടുപിടിക്കുന്നതെങ്ങനെ? വില 2 രൂപ
7. തിരഞ്ഞെടുത്ത തർക്കപരിഹാര ഫോറം വിധികൾ വില 5 രൂപ
8. ബാങ്കും ഉപഭോക്താവും വില 5 രൂപ
9. ഉപഭോക്തൃ സംരക്ഷണ നിയമം 1986, 1993 ലെ ഭേദഗതികൾ ഉൾപ്പെടെ വില 8 രൂപ
10. എങ്ങിനെയെല്ലാം പരാതി സമർപ്പിക്കാം? വില 2 രൂപ
11. ഉപഭോക്താക്കൾ അറിയേണ്ട കാര്യങ്ങൾ വില 2 രൂപ
12. ഉപഭോക്തൃ സംരക്ഷണ സമിതികളുടെ രൂപീകരണവും പ്രസക്തിയും വില 2 രൂപ
13. ഗാന്ധിയൻ ആദർശങ്ങളും ഉപഭോക്തൃ സംരക്ഷണ നിയമവും വില 2 രൂപ
14. ഹായ് ഐസ്ക്രീം (നിയമം കുട്ടികൾക്ക്) വില 3 രൂപ
15. അവകാശങ്ങളെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം? വില 5 രൂപ
16. വ്യാപാരിയും ഉപഭോക്താവും വില 2 രൂപ
17. കർഷകനും ഉപഭോക്തൃ സംരക്ഷണ നിയമവും വില 3 രൂപ
18. വൈദ്യുതിയും ഉപഭോക്താവും വില 5 രൂപ
19. കെട്ടിട നിർമ്മാണവും ഉപഭോക്തൃസംരക്ഷണ നിയമവും വില 5 രൂപ
20. ഉണരൂ! സഹോദരി വില 1 രൂപ
21. ഇതാ നമ്മുടെ രാജാക്കന്മാർ വില 1 രൂപ
22. കർഫ്യൂ (നിയമം കുട്ടികൾക്ക്) വില 3 രൂപ
23. അറസ്റ്റ്-നിങ്ങളുടെ അവകാശങ്ങൾ വില 5 രൂപ
24. എയ്ഡ്സ് വില 5 രൂപ
25. പഞ്ചായത്തീരാജും-ഉപഭോക്താവും വില 5 രൂപ
26. ഇന്ത്യൻ ഭരണഘടന (സാധാരണക്കാർക്ക്) വില 100 രൂപ
27. ടെലിഫോണും ഉപഭോക്തൃ സംരക്ഷണനിയമവും വില 20 രൂപ
28. സ്ത്രീകളും ഇന്ത്യൻ ഭരണഘടനയും വില 5 രൂപ
29. പൊതു താല്പര്യ വ്യവഹാരം വില 15 രൂപ
30. സമ്മാനം [ഉപഭോക്തൃസംരക്ഷണ പ്രവർത്തകർക്കുള്ള ഗൈഡ്] 60 രൂപ
31. വിവാഹിതരാകുന്നവർക്ക് ഒരു ഗൈഡ് വില 20 രൂപ
32. റോഡപകടങ്ങൾ-നിങ്ങൾ എന്തുചെയ്യണം? വില 2 രൂപ
33. ഡിസംബർ 26 വില 5 രൂപ
34. മനുഷ്യാവകാശം വില 5 രൂപ
35. [illegible] തൊഴിലാളികളും ഉപഭോക്തൃസംരക്ഷണനിയമവും വില 5 രൂപ
36. അപകടം വില 3 രൂപ
37. ടീക്കൺ വില 3 രൂപ
38. മോചനം വില 2 രൂ

പണം മണിയോർഡറായി മുൻകൂർ അയക്കുക.

**കോപ്പികൾക്ക്:**

കൺസ്യൂമർ ന്യൂസ് ബുക്ക്ക്ലബ്ബ്, എളൂർ പാലം 680704

Digitized by: Thomas John Palakkudy